പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 247

19.06.2014 ൽ മറുപടിക്ക്

# കൃഷിയോഗ്യമല്ലാത്ത തരിശു ഭൂമി നികത്തുന്നതിന് അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.മോയിൻകുട്ടി :<br>ശ്രീ.കെ.എൻ.എ.ഖാദർ :<br>ശ്രീ.കെ.എം.ഷാജി :<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കൃഷിയോഗ്യമല്ലാത്ത തരിശുഭൂമി നികത്തുന്നതിനും കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും അനുവദിക്കുന്ന വിധത്തിൽ ബന്ധപ്പെട്ട നിയമത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) ഭൂമി കൃഷിയോഗ്യമാണോ അല്ലയോ എന്നു നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നു വെളിപ്പെടുത്തുമോ ; | (ബി) മണ്ണ്, ജലലഭ്യത, ഭൂമിയുടെ കിടപ്പ് തുടങ്ങിയ കൃഷിക്കനുയോജ്യമായ പാരിസ്ഥിതിക സ്വഭാവം കണക്കിലെടുത്താണ് ഭൂമി കൃഷിയോഗ്യമാണോ അല്ലയോ എന്നു നിശ്ചയിക്കുന്നത്. |
| (സി) നികത്താനുള്ള ഉദ്ദേശ്യത്തിൽ മനഃപൂർവ്വം ഭൂമി തരിശിടുന്ന നടപടി തടയാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചു വരുന്നത് എന്ന് വിശദമാക്കുമോ ? | (സി) സംസ്ഥാനത്തെ നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിന് 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ വ്യവസ്ഥയുണ്ട്. ഈ ആക്ടിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിലേക്കായി പ്രാദേശികതല നിരീക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ ഘടന ഇപ്രകാരമാണ്.<br>1. പഞ്ചായത്ത് പ്രസിഡന്റ് / മുനിസിപ്പാലിറ്റി ചെയർമാൻ / മേയർ - ചെയർമാൻ<br>2. കൃഷി ഓഫീസർ - കൺവീനർ<br>3. വില്ലേജ് ഓഫീസർ - അംഗം<br>4. നാമനിർദ്ദേശം ചെയ്യപ്പെട്ട മൂന്ന് നെൽ കർഷകർ - അംഗങ്ങൾ |

സെക്ഷൻ ഓഫീസർ